RCS/9383/2025-CP(7)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 14-10-2025

സർക്കുലർ : 27/2025

വിഷയം :- സഹകരണ വകുപ്പ്- സഹകരണ മേഖലയിലെ പരിശീലന സ്ഥാപനങ്ങൾ നടത്തുന്ന വിവിധ പരിശീലന പരിപാടികൾക്കായി മൂപ്പത്തടം സർവീസ് സഹകരണ ബാങ്ക് തയ്യാറാക്കിയിട്ടുള്ള ട്രെയിനിംഗ് ഹാളും താമസ സൗകര്യവും -സംബന്ധിച്ച്.

സൂചന :- മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്കിന്റെ 08.07.2025 ലെ അപേക്ഷ.

എറണാകുളം ജില്ലയിലെ മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 216, പണികഴിപ്പിച്ചിട്ടുള്ള 25,000 സ്ക്വയർ ഫീറ്റുള്ള സഹകരണ മന്ദിരത്തിൽ 300 പേർക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുതിയിട്ടുള്ളതായും സംസ്ഥാനത്ത് ICM, ACSTI, സംസ്ഥാന സഹകരണ യൂണിയൻ എന്നിവ നടത്തുന്ന പരിശീലന പരിപാടികൾക്ക്, ബാങ്കിന്റെ ഈ സൗകര്യം മിതമായ വാടകയ്ക്ക് പ്രയോജനപ്പെടുത്താൻ കഴിയുമെന്നും സൂചന പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ICM, ACSTI, സംസ്ഥാന സഹകരണ യൂണിയൻ എന്നിവ നടത്തുന്ന പരിശീലന പരിപാടികൾക്കും, വകുപ്പ് ഉദ്യോഗസ്ഥർക്കും, കേരള സഹകരണ നിയമം വകുപ്പ്/ ചട്ടം 185 പ്രകാരം സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് നൽകുന്ന പരിശീലനങ്ങൾ ക്കും മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 216 ന്റെ പുതിയ മന്ദിരത്തിലെ ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

ഒപ്പ്
Dr. D SAJITH BABU IAS
REGISTRAR OF CO-OPERATIVE SOCIETIES

പകർപ്പ് :-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ (ജനറൽ/ആഡിറ്റ്) മാർക്കും.
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ/ഡയറക്ടർ (ജനറൽ/ആഡിറ്റ്) മാർക്കും.
4. എല്ലാ സഹകരണസംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
5. സംസ്ഥാന സഹകരണ യൂണിയൻ.
6. ICM.
7. ACSTI

8. എഡിറ്റർ/ സഹകരണവീഥി.
9. സ്റ്റോക്ക് ഫയൽ/ വെബ് സൈറ്റ്.

//നിർദ്ദേശാനുസരണം//

Signed by
Reshma G Nair
Date: 15-10-2025 10:29:10
അസിസ്റ്റന്റ് രജിസ്ട്രാർ(സി.പി)